കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽപി/ബിപി/1168/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.27.02.2020

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*******************

1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 - ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ/എ.എൽ.പി/ബിപി/1168/2019 തീയതി: 27.02.2020

# <u>ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.08.2018 മുതൽ തീയതി 31.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 14.11.2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഹരികുമാർ.ജി<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 04.11.2019 മുതൽ 14.11.2019 വരെ | ശ്രീമതി സജിത ദാസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി ദീപാ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**<u>(ബി) നിർവ്വഹണാധികാരികൾ</u>**

**1) <u>പ്രസിഡന്റ്</u>**

| | |
|---|---|
| ശ്രീ.ബിജു കൊല്ലശ്ശേരി | 01.04.2018 മുതൽ 31.03.2019 വരെ |

**2) <u>സെക്രട്ടറി</u>**

| | |
|---|---|
| ശ്രീ.ജി.പി.ശ്രീജിത്ത് | 01.04.2018 മുതൽ 31.03.2019 വരെ |

**<u>3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ,വിദ്യാഭ്യാസം | എസ്.സുരേഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ജോബിൻ പെരുമാൾ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | മിനി കൃഷ്ണകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ധനകാര്യം | ഗിരിജ സന്തോഷ് | 01.04.2018 മുതൽ 31.03.2019 വരെ |

**4) <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| | | |
|---|---|---|
| കൃഷി അസിസ്റ്റൻറ് ഡയറക്ടർ | ശ്രീമതി. എലിസബത്ത് ഡാനിയേൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ശിശുവികസന ഓഫീസർ | പി.വി.സജിത | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | അനിൽകുമാർ.സി.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. ആർ. ശരവണേശ്വർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ. സത്യനാഥ്.ബി. | 01.04.2018 മുതൽ 12.06.2018 വരെ |
| | ശ്രീമതി. മോളി.പി. | 13.06.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ശ്രീലക്ഷ്മി.യു. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ജയൻ.ജെ.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ജയൻ. ആർ. | 01.04.2018 മുതൽ 31.03.2019 വരെ |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 27.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകളുടെയും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളുടെയും സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 681440670 | 689140670 |
| വാർഷിക കണക്ക് പ്രകാരം | 67077084 | 77747579 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 10.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക 1-11 ആയി ഉൾപ്പെടുത്തുന്നു. സർട്ടിഫിക്കറ്റ് ഭാഗം.4-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 87996741.50 |
| വരവ് | 67077084 |
| ആകെ | 155073825.50 |
| ചെലവ് | 77747579 |
| നീക്കിയിരിപ്പ് | 77326246.50 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 37936000 | 37936000 | 35046672 | 2889328 | 92.38% |
| വികസനഫണ്ട് എസ്.സി.പി. | 0 | 10224000 | 10224000 | 9334762 | 8899238 | 91.3% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 282000 | 282000 | 282000 | 282000 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4496000 | 4496000 | 4367423 | 128577 | 97.14% |
| ജോയിന്റ് വെഞ്ചർ | 5763873 | 9267127 | 15031000 | 333016 | 14697984 | 2.2% |

| | | | |
|---|---|---|---|
| | | കാഷ് ബുക്കിൽ സംക്ഷിപ്തം എഴുതിയിട്ടില്ല. പാസ്സ് ബുക്കുമായി റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഭാഗം-4 ൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 66 | 185700199 | 49 | 49103327 | 16 | 17 | 26.44% |

2018-2019 സാമ്പത്തിക വർഷം 66 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 33 പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

<u>വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും</u>

| മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| ഉത്പാദനം | 8 | 8 | 118998491 | 14882327 | 13% |
| സേവനം | 35 | 24 | 51708694 | 25739751 | 50% |
| പശ്ചാത്തലം | 23 | 17 | 14993014 | 8481249 | 57% |
| ആകെ | 66 | 49 | 185700199 | 49103327 | 26% |

ഉത്പാദനമേഖലയിൽ 102830200 രൂപ മറ്റുള്ളവ എന്ന രീതിയിൽ (നേരിട്ട് ചെലവഴിക്കുന്ന തുക) ഫണ്ട് വകയിരുത്തി പദ്ധതികൾ തയ്യാറാക്കിയത് കാരണം ടി മേഖലയിൽ 13% ശതമാനം മാത്രമാണ് ചെലവ്. ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നുള്ള 197246/-രൂപയുടെ ചെലവും സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിൽ നിന്നും ചെലവായ 200000/-രൂപയും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയില്ല. ആയതിനാൽ ഇത് ഒഴികെയുള്ള വിവരമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | ശതമാനം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 18 | 13 | 72% | 26369340 | 14376315 | 55% |
| 2 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 100% | 107587200 | 7500000 | 7% |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 7 | 6 | 86% | 17781676 | 4187154 | 24% |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 28 | 19 | 68% | 15817995 | 8547975 | 54% |
| 5 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100% | 6180000 | 3900000 | 63% |
| 6 | ചൈൽഡ് ഡവലപ്മെന്റ് | 1 | 1 | 100% | 800000 | 800000 | 100% |

| | | | | | | | |
|---|---|---|---|---|---|---|---|
| | പ്രോജക്റ്റ് ഓഫീസർ | | | | | | |
| 7 | പട്ടികജാതി വികസന ഓഫീസർ | 4 | 3 | 75% | 6821248 | 5700000 | 84% |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100% | 2050000 | 2049143 | 100% |
| 9 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 2 | 1 | 50% | 2292740 | 2042740 | 89% |
| | ആകെ | 66 | 49 | 74% | 185700199 | 49103327 | 26% |

നിർവ്വഹണ ഉദ്യോഗസ്ഥരെല്ലാം ഏൽപ്പിച്ച പദ്ധതികളിൽ 50% ന മുകളിൽ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.

<u>ഫണ്ടുകൾ ചെലവഴിക്കുന്നതിൽ വീഴ്ച – 39 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടം</u>

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 39 ലക്ഷം പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരുപ്പ് | ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 37936000 | 35046672 | 2889328 | 92% |
| വികസനഫണ്ട് എസ്.സി.പി. | 10224000 | 9334762 | 889238 | 91% |
| വികസനഫണ്ട് ടി.എസ്.പി. | 282000 | 282000 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4496000 | 4367423 | 128577 | 97% |
| | 52938000 | 49030857 | 3907143 | 93% |

ലഭ്യമായ ഫണ്ടിന്റെ 93% ചെലവഴിച്ചുവെങ്കിലും 3907143/- രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ തുടർ വർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 113.64 | 683206.64 | 683320.28 | 682231 | 1089.64 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് ക്ഷേമ പദ്ധതികൾക്കായി തുക ചെലവഴിച്ചിരുന്നില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.
2. പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള പേയ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ബിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു ബിൽ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.
3. ഇ.എം.ഡി തുടങ്ങിയ ഡെപ്പോസിറ്റുകൾക്കായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കേണ്ടതും വരവുകൾ/പിൻവലിക്കലുകൾ യഥാസമയം രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. സെക്യൂരിറ്റി രജിസ്റ്റർ എന്ന ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ ഡപ്പോസിറ്റുകളും അതിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികമാക്കിയിട്ടില്ല.
5. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നില്ല.
6. സംയുക്ത അക്കൌണ്ടിൽ നിന്നുള്ള പല ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: തൃക്കുന്നപ്പുഴ ഇടപ്പള്ളി തോപ്പ് എസ്.എൻ.ഡി.പി റോഡ് കലുങ്ക് നിർമ്മാണം – 2,00,000/-രൂപയുടെ ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.08.2019 | 2018-19 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2018 | 2016-17 | 28.02.2018 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

<u>റസീപ്റ്റ്സ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</u>

1. RP-5-- റസീപ്റ്റ്സ് ഫ്രം സെയിൽ ഓഫ് ഒബ്സലേറ്റ് അസറ്റ്സ് (150120104) സെയിൽ ഓഫ് എംപ്റ്റീസ് & വെയ്സ്റ്റ് മെറ്റീരിയൽസ് (150120105) എന്നീ ഹെഡുകളിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.
2. RP-31-- 320700205 ഹെഡിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് റെവന്യൂ ചെലവുകൾക്കായി ലഭിച്ചതായി കാണിച്ച് 2208000/- രൂപ (120000 + 1008000) ഉൾപ്പെടുത്തിയിട്ടുണ്ട്. ജോയിന്റ് വെഞ്ച്വർ പ്രോജക്ടുകളുടെ എ.സി.ആർ പ്രകാരം ഇതിൽ 120000/- രൂപ PMAY യ്ക്കായി ലഭിച്ചതാണ്. PMAY യ്ക്കായി ലഭിച്ച തുക റവന്യൂ ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1008000/- ഏത് പ്രോജക്ടിനായി ലഭിച്ചതാണെന്ന് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. RP- 31 --- 320700203 ഹെഡിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് റെവന്യൂ ചെലവുകൾക്കായി ലഭിച്ചതായി കാണിച്ച് 3302229/- രൂപ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജോയിന്റ് വെഞ്ച്വർ പ്രോജക്ടുകളുടെ എ.സി.ആർ പ്രകാരം ഇതിൽ 240000/- രൂപ ചെറുതന ഗ്രാമപഞ്ചായത്തിൽ നിന്നും 70000/- രൂപ കരുവാറ്റ ഗ്രാമപഞ്ചായത്തിൽ നിന്നും PMAY യ്ക്കായി ലഭിച്ചതാണ്. ഇത് കൂടാതെ തൃക്കുന്നപ്പുഴ ഗ്രാപഞ്ചായത്തിൽ നിന്നും

കൾവർട്ട് നിർമ്മാണത്തിനായി ലഭിച്ച 200000/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ആസ്തികൾ ആർജ്ജിക്കാൻ വേണ്ടി ലഭിച്ച തുകകൾ റവന്യൂ ഹെഡിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4. RP- 31 --- 320700203 ഹെഡിൽ കാർത്തികപ്പള്ളി ഗ്രാപഞ്ചായത്തിൽ നിന്നും IAY വിഹിതം തിരിച്ചടച്ചിട്ടുള്ള 584229/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും തിരിച്ചടച്ച തുക ജോയിന്റ് വെഞ്ചർ ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
5. RP- 31 --- 320700203 ഹെഡിന്റെ ലെഡ്ജർ പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 2208000/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന തുക ഉൾപ്പെടുത്തുന്നതിനുള്ള ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 320700205 ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക വീണ്ടും 320700203 ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
6. RP-36---350800299 ഹെഡിൽ അദർ ലയബിലിറ്റീസ് എന്ന് കാണിച്ച് 3457797/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ തുക ഏതിനത്തിലുള്ള വരവാണെന്ന് വിശദീകരിച്ചിട്ടില്ല.
7. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ RP- 34 ൽ (വരവ് &ചെലവ്) ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
8. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ RP- 47ൽ (വരവ് &ചെലവ്) ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
9. RP-40(b) യിൽ ജോയിന്റ് വെഞ്ചർ അക്കൌണ്ട് നീക്കിയിരുപ്പായി 5540745/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ക്യാഷ് ബുക്കിലെയും പാസ്സ് ബുക്കിലെയും വരവ് ചെലവ് പരിശോധിച്ചതിൽ 14697984/- രൂപയാണ് യഥാർത്ഥ നീക്കിയിരുപ്പെന്ന് കാണുന്നു. പാസ്സ് ബുക്കിലേയും ക്യാഷ് ബുക്കിലേയും നീക്കിയിരുപ്പ് തമ്മിൽ പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ്

1. B-4 ഷെഡ്യൂൾ പ്രകാരം 320700103, 320700203, 320700205 എന്നീ ഹെഡുകളിലായി സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമ ജില്ലാ പഞ്ചായത്തുകളിൽ നിന്ന് 16689433/- രൂപ ലഭിച്ചത് ചെലവഴിക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ B-17, RP-40(b) എന്നിവ പ്രകാരം ജോയിന്റ് വെഞ്ചറിനായി ട്രഷറി അക്കൌണ്ടിൽ 5540745/- രൂപ മാത്രമാണ് നീക്കിയിരുപ്പുള്ളത്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ B-7 ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
3. B-9 ൽ 350800299 ഹെഡിൽ അദർ ലയബിലിറ്റീസായി കാണിച്ചിരിക്കുന്ന തുക ഏതിനത്തിലുള്ളതാണെന്ന് വിശദമാക്കിയിട്ടില്ല.
4. ആസ്തി രജിസ്റ്റർ ഹാജരാക്കാത്തതിനാൽ B-11 ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
5. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ B-18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടാനായിട്ടില്ല.

# 1-12 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് 2015-16 മുതൽ 2018-19 വരെ ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 451762/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലും ഹരിപ്പാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുമായാണുള്ളത്. 1/2018 വരെയുള്ള തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലും 01/02/2018 മുതൽ ഈ ഇനത്തിൽ ലഭിച്ച തുക ഹരിപ്പാട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുമാണുള്ളത്. പ്രസ്തുത അക്കൌണ്ടുകളിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വകയിരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തികളുടെ എണ്ണം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക |
|---|---|---|
| 2015-16 | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക.19 | 39130 |
| 2016-17 | 35 | 129112 |
| 2017-18 | 22 | 122790 |
| 2018-19 | 29 | 160730 |
| | | 451762 |

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (എസ്.ബി.ഐ - 4829) 31.03.19-ൽ 254022/-രൂപയും 26.09.19-ൽ 347002/-രൂപയും ബാലൻസുണ്ട്. ടെന്റർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-13 പഠനമുറി നിർമ്മാണം - സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ട് നം. - S0017/19

അടങ്കൽ - 28,00,000/- (വികസന ഫണ്ട്)

ചെലവ് - 27,00,000/-

എസ്.സി.ഡി.ഒ.നിർവ്വഹണം നടത്തിയ പഠനമുറി നിർമ്മാണം എന്ന പ്രോജക്റ്റിൽ പഠനമുറി നിർമ്മിക്കുന്നതിനായി 12 വിദ്യാർത്ഥികൾക്ക് 2,00,000/- രൂപ വീതവും 2 വിദ്യാർത്ഥികൾക്ക് 1,50,000/- രൂപ വീതവും ആകെ 27,00,000/- രൂപ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം.22/2018/തസ്വഭവ,തീയതി 14.02.18) 7.2.17 നിബന്ധന പ്രകാരം പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2 ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50,000/- രൂപ മുൻകൂറായി നൽകാവുന്നതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് സ്റ്റേജ് സർട്ടിഫിക്കറ്റോ കമ്മറ്റി തീരുമാനമോ ഇല്ലാതെ തന്നെ 4 ഗഡുക്കളായാണ് തുക നൽകിയിരിക്കുന്നത് (50,000/-രൂപ വീതമുള്ള ഗഡുക്കൾ).

പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

**(എ) <u>മൂല്യനിർണ്ണയം നടത്തിയ തുകയേക്കാൾ അധികം ആനുകൂല്യം നൽകി</u>**

ആര്യ.വി.ദേവ് എന്ന ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണത്തിനായി 1,70,000/- രൂപയുടെ ചെലവാണ് ഉണ്ടായിട്ടുള്ളത് എന്ന് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവിന് 2,00,000/- രൂപയും നൽകിയിട്ടുണ്ട്. നിർമ്മാണത്തിനായി ചെലവായ തുകയാണ് ആനുകൂല്യമായി നൽകേണ്ടത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/11.11.2019) മറുപടി ലഭിച്ചില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിലെ തുകയേക്കാൾ അധികം നൽകിയ 30,000/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>ചെലവ് വിവരം</u>**

ബിൽ നം.5/18-19-19.12.18/50,000

ബിൽ നം.18/18-19-13.02.19/50,000

ബിൽ നം.24/18-19-22.03.19/1,00,000

**(ബി) <u>2016-18 വർഷത്തിൽ വിദ്യാർത്ഥി ആയിരുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം ആനുകൂല്യം നൽകി</u>**

വിജിത.കെ, ഭാരത് സേവാ സമാജിന്റെ രണ്ട് വർഷത്തെ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ എന്ന ഡിപ്ലോമ കോഴ്സ് (2016-18) പഠിച്ചുകൊണ്ടിരിക്കുന്നു എന്നാണ് സ്ഥാപനത്തിൽ നിന്നും നൽകിയിരിക്കുന്ന സാക്ഷ്യപത്രം. 2016-18 വർഷത്തിൽ പഠിച്ചിരുന്നു എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ ആനുകൂല്യം 1,50,000/- രൂപ നൽകിയത് അംഗീകരിക്കുന്നില്ല.

**<u>ചെലവ് വിവരം</u>**

ബിൽ നം.5/18-19-19.12.18/50,000

ബിൽ നം.14/18-19-14.01.19/50,000

ബിൽ നം.20/18-19-25.02.19/50,000

**(സി) <u>അനുവദനീയമായതിലും അധിക വിസ്തൃതിയിൽ പഠനമുറി നിർമ്മിച്ചു</u>**

സ.ഉ(സാ.ധാ) നം. 2636/2018 ത.സ്വ.ഭ.വ. തീയതി. 15.10.18 പ്രകാരം പഠനമുറിയുടെ വിസ്തൃതിയുടെ ഉയർന്ന പരിധി 120ചതുരശ്ര അടിയായി ഭേദഗതി ചെയ്തിട്ടുണ്ട്. എന്നാൽ സംഗീത്.എസ്, വിജയശ്രീ വി.എസ്. എന്നീ ഗുണഭോക്താക്കളുടെ പഠനമുറിയുടെ വിസ്തൃതി അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം പ്രകാരം 120 ചതുരശ്ര അടിയിലും അധികമാണ്. വിശദാംശം ചുവടെ ചേർക്കുന്നു. ആസ്തികൾ ആർജ്ജിക്കാൻ വേണ്ടി ലഭിച്ച തുകകൾ റവന്യൂ ഹെഡിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | സംഗീത്. എസ് | 2,00,000 | പഠനമുറിയുടെ വിസ്തൃതി 15.77$m^2$<br>(15.77x10.76 = 169.69ച.അടി) |

| | | | |
|---|---|---|---|
| 2 | വിജയശ്രീ. വി.എസ് | 2,00,000 | പഠനമുറിയുടെ വിസ്തൃതി 12.83$m^2$ (12.83x10.76 = 138ച.അടി) |

പഠനമുറിയുടെ വിസ്തീർണ്ണം സർക്കാർ നിർദ്ദേശിക്കുന്ന പരിധി ലംഘിക്കുന്നില്ല എന്ന് ഉറപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ബാദ്ധ്യസ്ഥയാണ്.

**(ഡി) <u>മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കാതെ തന്നെ ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായി നൽകി</u>**

സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ, തീയതി 14.02.18) 7.2.17 നിബന്ധന പ്രകാരം പട്ടിക ജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2 ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50,000/- രൂപ മുൻകൂറായി നൽകാവുന്നതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് സ്റ്റേജ് സർട്ടിഫിക്കറ്റോ കമ്മറ്റി തീരുമാനമോ ഇല്ലാതെ തന്നെ ഗഡുക്കളായാണ് തുക നൽകിയിരിക്കുന്നത് (50,000/-രൂപ വീതമുള്ള ഗഡുക്കൾ). ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം കൂടാതെ തന്നെ പല ഗുണഭോക്താക്കൾക്കും രണ്ട് ലക്ഷം രൂപ നൽകിയിട്ടുണ്ട്. മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയവരിൽ പലരുടെയും പഠനമുറിയുടെ വിസ്തൃതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ശ്രുതി. എസ് | 2,00,000 | മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ല |
| 2 | ശ്രീക്കുട്ടി. എസ് | 2,00,000 | മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ല |
| 3 | അഭിജിത്. പി. സുരേഷ് | 2,00,000 | മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ല |
| 4 | കീർത്തി കാർത്തികേയൻ | 2,00,000 | മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ല |
| 5 | വിഷ്ണു. വി | 2,00,000 | പഠനമുറിയുടെ വിസ്തൃതി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 6 | അമൃത. എ | 2,00,000 | പഠനമുറിയുടെ വിസ്തൃതി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 7 | ശാലുമോൾ. എസ് | 2,00,000 | പഠനമുറിയുടെ വിസ്തൃതി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 8 | ആര്യ. വി. ദേവ് | 2,00,000 | പഠനമുറിയുടെ വിസ്തൃതി സാക്ഷ്യപ്പെടുത്തിയിട്ടില്ല |

**(ഇ) <u>അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല</u>**

1,50,000/-രൂപ വീതം അഡ്വാൻസ് കൈപ്പറ്റിയ വിജിത.കെ.കെ, മന്യ മനോജ് എന്നീ ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**(എഫ്) പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. അതിനാൽ വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായില്ല.**

**(ജി) <u>രണ്ട് ഗുണഭോക്താക്കളുടെ പഠനമുറിനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിവിവരം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.</u>**

1) അഭിജിത് പി.സുരേഷ്, അഭിജിത് ഭവൻ, കരുവാറ്റ പി.ഒ

പഠനമുറി നിർമ്മാണത്തിനായി 2,00,000/- രൂപ നൽകിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. വീടിന്റെ മുകളിലാണ് മുറി നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ജനലുകളും വാതിലും സ്ഥാപിച്ചിട്ടില്ല. ചുമർ തേയ്ക്കുകയോ തറയിടുകയോ ചെയ്തിട്ടില്ല. പഠനമുറി നിർമ്മാണത്തേക്കാൾ ഉപരിയായി വീടിന്റെ അറ്റകുറ്റപ്പണികളാണ് നടത്തിയിരിക്കുന്നത്.

**<u>ചെലവ് വിവരം</u>**

ബിൽ നം.14/18-19-14.01.19/50,000

ബിൽ നം.17/18-19-05.02.19/50,000

ബിൽ നം.21/18-19-25.02.19/50,000

ബിൽ നം.30/18-19-27.03.19/50,000

പഠനമുറിയുടെ നിർമ്മാണം പൂർത്തിയാകുന്നതിന് മുൻപുതന്നെ തുക പൂർണ്ണമായി നൽകിയത് ക്രമപ്രകാരമല്ല. നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർമ്മാണത്തിനായി നൽകിയ 2,00,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

(2)ശാലുമോൾ. എസ്, പത്മാലയം, പൊത്തംപള്ളി വടക്ക്

പഠനമുറി നിർമ്മാണത്തിനായി 2,00,000/- രൂപ നൽകിയിട്ടുണ്ട്. ധനസഹായം കൈപ്പറ്റി നിർമ്മിച്ച പഠനമുറി മാറ്റം വരുത്തി അടുക്കളയായി ഉപയോഗിച്ചുവരുന്നു. ഗുണഭോക്താവായ വിദ്യാർത്ഥി കണ്ണൂർ മെഡിക്കൽ കോളേജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് എന്ന സ്ഥാപനത്തിൽ ഡിപ്ലോമ കോഴ്സിനു പഠിക്കുന്നു (2017 അഡ്മിഷൻ). പഠനമുറി നിർമ്മാണത്തിനായി 2,20,000/-രൂപയുടെ പണികൾ ചെയ്തിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും പൂർത്തിയാക്കിയ വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്നതിനുള്ള സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. 50,000/- രൂപ മുൻകൂർ നൽകിയതിനുശേഷം നിർമ്മാണം പൂർത്തിയാക്കി വ്യക്തമായ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക നൽകണം എന്ന നിബന്ധന പാലിക്കാതെ നിർവ്വഹണഉദ്യോഗസ്ഥ ഗഡുക്കളായി തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെ ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും നിർമ്മാണം പൂർത്തീകരിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. മോണിട്ടറിംഗ് സമിതി പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ലാത്തതിനാൽ ഫലപ്രാപ്തി വിലയിരുത്തുന്നതിൽ വീഴ്ച ഉണ്ടായി. നിർമ്മാണം പൂർത്തിയാക്കാതെയും മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭിക്കാതെയും പരമാവധി തുകയും നൽകാനുണ്ടായ സാഹചര്യം അന്വേഷണവിധേയമാക്കേണ്ടതും അർഹരായവർക്ക് തന്നെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-14 പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടി പോകുന്നതിനുള്ള ധനസഹായം -അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് നം. - S0020/19

അടങ്കൽ -10,00,000/-

ചെലവ് - 5,00,000/-ബിൽ നം .3/18-19 തീയതി.29.11.18

-3,00,000/- ബിൽ നം. 7/18-19 തീയതി. 29.12.18

-2,00,000/- ബിൽ നം. 11/18-19 തീയതി. 07.01.19

എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ ഈ പ്രോജക്റ്റ് പ്രകാരം ഒരാൾക്ക് 1,00,000/- രൂപവീതം 10 ഗുണഭോക്താക്കൾക്ക് ആകെ 10,00,000/- രൂപ ധന സഹായം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ, തീയതി.14.02.18, 7.2.4 നിബന്ധന പ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗ യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം വിമാനടിക്കറ്റും വിസയും ഹാജരാക്കുന്ന മുറയ്ക്ക് 1,00,000/- രൂപ ധനസഹായം നൽകാവുന്നതാണ്. എന്നാൽ മേൽ പ്രോജക്റ്റിൽ ധനസഹായം കൈപ്പറ്റിയ ഗുണഭേക്താക്കളുടെ അർഹതാരേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| | | | ടിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. വിദേശത്ത് |

| | | | |
|---|---|---|---|
| 1 | മഹേഷ്.കെ | 1,00,000/- ബിൽ നം.3/18-19 തീയതി.29.11.18 | പോയതിനോ ജോലി ലഭിച്ചതിനോ രേഖയില്ല. |
| 2 | ആദർശ്.എ | 1,00,000/- ബിൽ നം. 7/18-19 തീയതി. 29.12.18 | ടൂറിസ്റ്റ് വിസയാണ് ഹാജരാക്കിയിട്ടുള്ളത്. ജോലി ലഭിച്ചതിന് രേഖയില്ല. |
| 3 | എസ്.ശ്യാംകുമാർ | 1,00,000/- ബിൽ നം. 11/18-19 തീയതി. 07.01.19 | 2017 ഏപ്രിൽ മാസം വിദേശത്ത് പോയ ആൾക്ക് 26.12.2018 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2018-19 ൽ ആനുകൂല്യം നൽകി. (വിസ തീയതി 03.04.2017, ടിക്കറ്റ് തീയതി 28.04.2017) |
| | ആകെ | 300000 | |

മഹേഷ്.കെ, വിസയുടെ പകർപ്പ് മാത്രമാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത്. വിമാനടിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വിദേശത്ത് പോയതിന് രേഖയില്ല. ആദർശ്.എ, ടൂറിസ്റ്റ് വിസയാണ് ഹാജരാക്കിയിട്ടുള്ളത്. വിമാന ടിക്കറ്റിന്റെ പകർപ്പല്ലാതെ തൊഴിൽ ലഭിച്ചതിന് യാതൊരു രേഖയുമില്ല. എസ്.ശ്യാംകുമാർ 04/2017 മുതൽ യു.എ.ഇ.യിൽ ജോലി ചെയ്തുവരുന്ന ആളാണ്. വിദേശത്ത് തൊഴിൽ നേടി പോകുന്നതിനുള്ള ധനസഹായം വിദേശത്ത് നിലവിൽ ജോലിയുള്ളയാൾക്ക് നൽകിയത് ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (നം.9/11.11.19). രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ തുക 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-15 മെറിറ്റോറിയസ് സ്കോളർഷിപ്പ്- ഗുണഭോക്താക്കളുടെ അർഹതാരേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. -S0019/19

അടങ്കൽ - 20,00.000/-(വികസന ഫണ്ട്)

ചെലവ് -20,00,000/-

എസ്.സി.ഡി.ഒ. നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ 87 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2000000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | സാന്ദ്ര രാധാകൃഷ്ണൻ | 50,000/- ബിൽനം.1/18-19, തീയതി 26.10.2018 | കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ല. Bsc Nursing കോഴ്സിനുള്ള 15.08.2018-ലെ അഡ്മിഷൻ അലോട്ട്മെന്റ് ലെറ്റർ ആണ് ഹാജരാക്കിയിട്ടുള്ളത്. അഡ്മിഷൻ എടുത്ത് കോഴ്സ് തുടരുന്നുണ്ടോ എന്ന് വ്യക്തമല്ല. |
| 2 | സൂരജ്. ആർ | 20,000/- ബിൽ നം.1/18-19, തീയതി 26.10.2018 | ബി.ബി.എ വിദ്യാർത്ഥിയായ സൂരജ്.ആർ – ന് കുമാരപുരം ഗ്രാമ പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന 02.03.2018 ലെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. |
| 3 | ജിഷാ.റ്റി | 15,000/- ബിൽ നം.6/18-19, തീയതി 19.12.2018 | ബി.എഡ്.ഡിഗ്രി വിദ്യാർത്ഥി ആണെന്നുള്ള സാക്ഷ്യപത്രം ഉണ്ടെങ്കിലും കോഴ്സ് എത് വർഷമാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| | ആകെ | 85000 | |

മതിയായ രേഖകൾ ഇല്ലാത്തതിനാൽ മേൽ ഗുണഭോക്താക്കളുടെ അർഹത ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 9/11.11.19) മറുപടി ലഭിച്ചില്ല. ചെലവ് തുക 85000/-രൂപ തടസ്സപ്പെടുത്തുന്നു. അർഹതാ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതിക്കായി എസ്.ബി.ഐ.ഡാണാപ്പടി ബ്രാഞ്ചിൽ 67081873712 നമ്പരായി അക്കൌണ്ട് ഉണ്ടെങ്കിലും ഇതിന്റെ മുന്നിരിപ്പ്, വരവ്, ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിയുടെ പേരിലുള്ള എല്ലാ അക്കൌണ്ടുകൾ സംബന്ധിച്ച വിവരങ്ങളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. തൻവർഷം ഈ അക്കൌണ്ടിലേയ്ക്ക് 683206.64 രൂപ വരവും 6822117/- രൂപ ചെലവും ഉണ്ടായിരുന്നു. തുടർ വർഷങ്ങളിൽ അക്കൌണ്ട് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗം സംബന്ധിച്ച ധനകാര്യവകുപ്പിന്റെ 23.01.2017-ലെ ജി.ഒ(പി) നം. 07/2017/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകളും 29.01.18 ലെ ജി.ഒ.(എം.എസ്.)11/18 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും പാലിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്തിലെ സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം നടക്കുന്നതെന്ന് പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ മനസ്സിലാകുന്നു. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി 2018-19 വർഷം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് 47,42,740/- രൂപ നൽകിയിരുന്നു.

29.1.18 ലെ ജി.ഒ.(എം.എസ്.)11/18 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3-5-4 ലെ നിർദ്ദേശാനുസരണം സംയുക്തപ്രോജക്ടിൽ ഏർപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടുന്നില്ല. 23.01.2017-ലെ ജി.ഒ(പി) നം.07/2017/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളിയാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം, നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് സെപ്റ്റംബർ 30-നകം ഒറ്റ ഇൻസ്റ്റാൾമെന്റ് ആയി തുക അനുവദിക്കേണ്ടതാണ്. നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനം ഫെബ്രുവരി അവസാന ആഴ്ച പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തേണ്ടതും ഏതെങ്കിലും കാരണത്താൽ തുക വിനിയോഗിക്കാൻ കഴിയില്ല എന്നു ബോദ്ധ്യപ്പെട്ടാൽ തുക മറ്റ് പ്രോജക്ടുകളിൽ വിനിയോഗിക്കുന്നതിനായി വിഹിതം നൽകിയ സ്ഥാപനത്തിന് ഫെബ്രുവരി 28-നകം തിരികെ നൽകേണ്ടതുമാണ്. മാർച്ച് 31-ന് വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതും (uncashed cheque നു തുല്യമായ തുക കഴിച്ച്) സാമ്പത്തിക വർഷം നടപ്പാക്കാനാകാതെ സ്പിൽ ഓവർ ആയി തുടരുന്ന പ്രോജക്ട് സംബന്ധിച്ച വിവരം വിഹിതം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതും അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവർ പ്രോജക്ടുകൾക്കായി ലഭിക്കുന്ന അലോട്ട്മെന്റിൽ നിന്ന് ഫണ്ട് കണ്ടെത്താവുന്നതുമാണ്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണ സംബന്ധമായി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനാൽ ചില പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) <u>വിനിയോഗ ശേഷം ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തുകൾ തിരികെ നൽകിയില്ല</u>

എ) <u>പാലിയേറ്റിവ് കെയർ ബ്ലോക്ക് വിഹിതം നൽകൽ</u> -

പ്രോജക്ട് നമ്പർ - S0018/19

അടങ്കൽ - 2042740/- (വികസനഫണ്ട് )

ബിൽ നമ്പർ - 1/18-19 തീയതി 28.07.18 – 1742740/-

2/18-19 തീയതി 27.12.18 – 3,00,000/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. തൃക്കുന്നപ്പുഴ

പാലിയേറ്റീവ് കെയർ പ്രോജക്ടിലുൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 2042740/- രൂപ നൽകിയിരുന്നു. ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗ്രമപഞ്ചായത്തുകൾ തൻവർഷം നൽകിയ തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. എന്നാൽ ഇപ്രകാരം ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ കൈവശം അവശേഷിക്കുന്ന തുക തിരിച്ച് നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 1 | തൃക്കുന്നപ്പുഴ | 3,00,000 | 299045 | 955 |
| 2 | കരുവാറ്റ | 3,00,000 | 299956 | 44 |
| 3 | പള്ളിപ്പാട് | 2,92,740 | 263807 | 28933 |
| 4 | ചെറുതന | 2,50,000 | 249628 | 372 |
| | ആകെ | | | 30304/- |

അവശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/11.11.19) തുക അടിയന്തിരമായി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. തുക തിരികെ ലഭിക്കുന്നതു വരെ 30304/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>ബി) തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് - മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം -</u>

പ്രോജക്ട് നമ്പർ - S0013/19

അടങ്കൽ - 5,00,000/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ നമ്പർ - 6/29.06.18 - 5,00,000/-

നിർവ്വഹണം - സെക്രട്ടറി

വിനിയോഗവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 3/11.11.19 നുള്ള മറുപടിയ്ക്കൊപ്പം ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തിന്റെ 24.06.19 ലെ വിനിയോഗസാക്ഷ്യപത്ര പ്രകാരം 4,95,952/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. 6/19 ൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ച് മാസങ്ങൾക്ക് ശേഷവും ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള തുക തിരികെ ലഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബാക്കിയുള്ള തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുക തിരികെ ലഭിക്കുന്നത് വരെ 4048/- രൂപ തടസ്സപ്പെടുത്തുന്നു.

<u>2) ശ്മശാനം നിർമ്മിക്കൽ - കരുവാറ്റ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ - പദ്ധതി നടപ്പിലായില്ല</u>

പ്രോജക്ട് നമ്പർ - S00 25/19

അടങ്കൽ - 1500000/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ നമ്പർ - 5/29.6.18 - 1500000/-

നിർവ്വഹണം – സെക്രട്ടറി

വിനിയോഗവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 3/11.11.19 നുള്ള മറുപടിയ്ക്കൊപ്പം ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തിന്റെ 12.11.2019 ലെ കത്ത് പ്രകാരം പദ്ധതി 2018-19 – ൽ നടപ്പാക്കാൻ കഴിയാത്തതിനാൽ 2019-20 - ലേക്ക് സ്പിൽ ഓവറായി വച്ചിരുന്നതായും എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി ഈ വർഷം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ തുക തിരിച്ചടയ്ക്കുന്നതിനുള്ള തീരുമാനത്തിനായി 16.11.2019 - ൽ നടക്കുന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നുമാണ്. തുക അടിയന്തിരമായി തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുക തിരികെ ലഭിക്കുന്നത് വരെ 15,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് - 61.26 ലക്ഷം ചെലവഴിച്ചു - പ്രോജക്റ്റ് ലക്ഷ്യം പൂർത്തീകരിച്ചില്ല

പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ ഭൗതിക സാഹചര്യം നിർമ്മാണം, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന് മെഷിനറി വാങ്ങൽ എന്നിങ്ങനെ രണ്ട് പദ്ധതികളാണുള്ളത്. 2017-18 ൽ ആരംഭിച്ച് 2019-2020 ലും തുടർന്ന് വരുന്ന പദ്ധതിയാണിത്.

<u>1.പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ ഭൗതിക സാഹചര്യം നിർമ്മാണം</u>

തൃക്കുന്നപ്പുഴ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്രോജക്റ്റിനായി കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിരുന്നത്. കൾവർട്ട്, അപ്രോച്ച് റോഡ്, ഷെഡ് നിർമ്മാണം എന്നിവയ്ക്കാണ് തുക വകയിരുത്തിയിരുന്നത്. 42,54,659/- രൂപ ചെലവഴിച്ച് ഭൗതിക സാഹചര്യം പൂർത്തീകരിച്ചെങ്കിലും പദ്ധതി ഇതേ വരെയും ആരംഭിച്ചിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസമായിരുന്നെങ്കിലും ഒരു വർഷമെടുത്താണ് നിർമ്മാണം പൂർത്തീകരിച്ചത്. ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി ലഭിച്ച 54,61,299/- രൂപയിൽ 33,25,357/- രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനായി 15,000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ ബിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | | | | |
|---|---|---|---|---|
| പ്രോജക്റ്റ് നം. | | S0092/18, S0056/19 | | |
| കരാർ നം. | | 23/AEE/LSGD/31.03.2018 | | |
| എസ്റ്റിമേറ്റ് | 4946592 | 951685 | plan-G | |
| | | 3994907 | gr pt shares | |
| എഗ്രീഡ് പി.എ.സി | | 4224659.91 | | |
| റിവൈസ്ഡ് എസ്റ്റിമേറ്റ് | | 4227355.62+30000=4257355.62 | | |
| ചെലവ് 4254659 | | 30000 | ബിൽ നം.21/06.01.18 | |
| | | 899302 | ബിൽ നം.4/30.11.18 | |
| | | 3325357 | 3192341 | ചെക്ക് നം.2733024/13.05.19 |
| | | | 33254(IT) | ചെക്ക് നം.2733023/27.03.19 |
| | | | 33254(KCWWF) | ചെക്ക് നം.2733021/27.03.19 |
| | | | 66508(GST) | ചെക്ക് നം.2733022/27.03.19 |
| കരാറുകാരൻ | | എസ്.ചന്ദ്രകുമാർ | | |
| എം. ബുക്ക് നം. | | 19/17-18 | | |
| | | | | |

| | |
|---|---|
| അവസാന അളവ് തീയതി | 22.03.19 |

2. <u>പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന് മെഷിനറി വാങ്ങൽ - അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് തുക പിൻവലിച്ചു</u>

പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന് മെഷിനറി വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. IRTCൽ നിന്നും വാങ്ങുന്നതിനാണ് തീരുമാനമെടുത്തത്. എന്നാൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് മെഷീൻ റെഡ് കാറ്റഗറിയിൽ ഉൾപ്പെട്ടതാണെന്നും മലിനീകരണം ഉണ്ടാകാൻ ഇടയാകുമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ച സാഹചര്യത്തിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് മെഷിന് പകരം ക്ലീൻ കേരള മിഷനിൽ നിന്നും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങുവാൻ തീരുമാനിച്ചതായി ഫയലിൽ നിന്നും വ്യക്തമാണ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീന് ആവശ്യമായത് 9,70,000/-രൂപ മാത്രമാണ്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് ത്രീ ഫെയിസ് കണക്ഷൻ ആവശ്യമായതിനാൽ കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് പ്രകാരം 18,72,000/-രൂപ (വികസന ഫണ്ട്) സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി-യുമായുള്ള കരാർ (5/19) പ്രകാരം മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നാണ്. എന്നാൽ പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചിട്ടില്ല. അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ചാണ് കെ.എസ്.ഇ.ബി യ്ക്ക് തുക അനുവദിച്ചത്.

| | | |
|---|---|---|
| പ്രോജക്ക്റ്റ് നം. | S0093/18, S0057/19 | |
| എസ്റ്റിമേറ്റ് 4344593 | 3000000 | പദ്ധതിവിഹിതം |
| | 1344593 | ഗ്രാമപഞ്ചായത്ത് വിഹിതം |
| ചെലവ് | 1872000-KSEB | Bill no.2/10.05.19 |
| കരാറുകാരൻ | IRTC | |

970000/-രൂപയുടെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി മേൽ പറഞ്ഞ രണ്ട് പദ്ധതികളിലുമായി ഇതേ വരെ ചെലവഴിച്ചത് 6126659/- രൂപയാണ്.

പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ ഭൗതിക സാഹചര്യം നിർമ്മാണം, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന് മെഷിനറി വാങ്ങൽ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി 5339500 (3994907+1344593) രൂപ വകയിരുത്തിയെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതമായി ലഭിച്ചത് 5461299/- രൂപയാണ്. 121799/- രൂപ അധികമായി ലഭിച്ചു. ലഭിച്ച 5461299/- രൂപയിൽ 3325357/- രൂപയാണ് ഇതേ വരെയുള്ള ചെലവ്. ബാലൻസ് 2135942/- രൂപ സംയുക്ത അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. പദ്ധതി അടങ്കലിൽ അധികരിച്ച് ഗ്രാമപഞ്ചായത്ത് വിഹിതം ലഭിക്കാനുണ്ടായ കാരണം വ്യക്തമല്ല. ടി തുക തിരികെ ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ, മാലിന്യം കുറയ്ക്കൽ, സമ്പൂർണ്ണ ശുചിത്വം എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഇടപ്പള്ളിതോപ്പ് എസ്.എൻ.ഡി.പി റോഡ് കലുങ്ക് നിർമ്മാണം കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല

27.10.2017 - ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസമായിരുന്നു. അതായത് 26.04.2018 - ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. 06.07.2018-ൽ 30.07.2018 വരെ കാലാവധി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ കത്ത് നൽകിയിട്ടുണ്ട്. 07.09.2018-ലെ കമ്മറ്റിയിൽ [I(8)], 30.10.18 വരെ കാലാവധി

ദീർഘിപ്പിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി മാനുവൽ അനുശാസിക്കും പ്രകാരം പരമാവധി അനുവദിക്കാമായിരുന്നത് 26.07.2018 വരെ മാത്രവും. കരാറുകാരൻ ആവശ്യപ്പെട്ടതിനേക്കാൾ മൂന്ന് മാസം കൂടുതലായി അനുവദിച്ചു. കാലതാമസത്തിന് പിഴ ഈടാക്കിക്കൊണ്ട് കരാർ കാലയളവ് ദീർഘിപ്പിക്കുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെയുള്ള കാലദൈർഘ്യത്തിന് (ഇവിടെ 3 മാസം) PAC യുടെ 1+2=3% ഉം പിഴ ഈടാക്കി മാത്രമേ കാലാവധി ദീർഘിപ്പിക്കാമായിരുന്നുള്ളൂ. അതായത് ഇവിടെ പരമാവധി ദീർഘിപ്പിച്ചുനല്കാമായിരുന്നത് 26.07.2018 വരെ മാത്രവും ആയതിന് 696374 x3% = 20891 രൂപ പിഴ ഈടാക്കേണ്ടിയുമിരുന്നു. കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<table>
<tr><td>പ്രോജക്റ്റ് നം.</td><td colspan="2">S0045/18,S0048/19</td></tr>
<tr><td>കരാർ നം.</td><td colspan="2">2/AEE/LSGD/27.10.17</td></tr>
<tr><td rowspan="2">എസ്റ്റിമേറ്റ്</td><td>500000</td><td></td></tr>
<tr><td>200000</td><td></td></tr>
<tr><td>എഗ്രീഡ് പി.എ.സി</td><td colspan="2">696374</td></tr>
<tr><td rowspan="3">ചെലവ്</td><td>459874</td><td>9/21.03.18</td></tr>
<tr><td>34350</td><td>23/23.02.19</td></tr>
<tr><td>200000</td><td>2733018/25.01.19</td></tr>
<tr><td>കരാറുകാരൻ</td><td colspan="2">ഷാഹുൽ ഹമീദ്</td></tr>
<tr><td>എം ബുക്ക് നം.</td><td colspan="2">14/AE/17-18</td></tr>
<tr><td>അവസാന അളവ് തീയതി</td><td colspan="2">29.10.2018</td></tr>
</table>

# 1-20 വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിറ്ററിംഗ് നിർവ്വഹിക്കുന്നില്ല

മോണിറ്ററിംഗ് സംബന്ധിച്ച് പദ്ധതി മാർഗ്ഗരേഖയുടെ (സർക്കാർ ഉത്തരവ് (കൈ) 11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018) ഖണ്ഡിക 13 അനുസരിച്ച് മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുകൾ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും 10 മിനിറ്റ്സ് ബുക്കുകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതികൾക്കായി വർക്കിംഗ് ഗ്രൂപ്പുകൾ ഒരു പ്രാവശ്യം മാത്രമാണ് യോഗം

കൂടിയത്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിലുള്ള പൊതുഭരണം-ധനകാര്യം 2018-19 വർഷം യോഗം കൂടിയിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പലതിലും ഹാജർ മാത്രം. മിനിറ്റ്സ് എഴുതിയിട്ടുള്ളതിൽ സാക്ഷ്യപ്പെടുത്തലില്ല. പദ്ധതി ഫയലുകളോടൊപ്പം മോണിറ്ററിംഗ് സംബന്ധിച്ച വിശദമായ റിപ്പോർട്ടില്ല. ചിലതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ ഫലപ്രദവും സുതാര്യവുമായ നിർവ്വഹണം പ്രാപ്തമാകണമെങ്കിൽ ശരിയായ രീതിയിലുള്ള മോണിറ്ററിംഗ് അനിവാര്യമാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കുന്നതിന് മോണിറ്ററിംഗ് സമിതികൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 സാക്ഷരത തുല്യത പരിപാടി - പരീക്ഷയിൽ പങ്കെടുത്തതിനെ സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നമ്പർ - S0011/17

അടങ്കൽ - 401000/- (വികസനഫണ്ട് - 257110, തനത് ഫണ്ട് - 1390, ഗുണഭോക്തൃവിഹിതം - സ്ഥാപനത്തിൽ ഒടുക്കുന്നത് - 142500/- )

ബിൽ നമ്പർ - 15/25.10.18 – 108500/-

18/13.11.18 – 14000/-

21/09.12.18 – 47000/-

ഗുണഭോക്തൃവിഹിതം - ചെക്ക് നമ്പർ - 2313722/26.10.18 – 13300/-

ചെക്ക് നമ്പർ - 2313748/18.12.18 – 44650/-

നിർവ്വഹണം – സെക്രട്ടറി

പത്താംതരം, പന്ത്രണ്ടാംതരം തുല്യത പരീക്ഷക്കായി പരീക്ഷാ ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിലും എല്ലാ വിദ്യാർത്ഥികളും പരീക്ഷയിൽ പങ്കെടുക്കുന്നതിനെ സാധൂകരിക്കുന്നതിനായി ഹാൾടിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയിൽ പങ്കെടുക്കുന്ന 61 പഠിതാക്കൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 61000/- രൂപ വികസനഫണ്ടിൽ നിന്നും ഇവരുടെ ഗുണഭോക്തൃവിഹിതമായി 57950/- രൂപയും സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ 47 വിദ്യർത്ഥികളുടെ ഹാൾടിക്കറ്റുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ 62 വിദ്യാർത്ഥികളുടെ പത്താംതരം തുല്യതാവിഹിതമായി 108500/- രൂപയും സാക്ഷരതാമിഷന് നൽകിയിട്ടുണ്ടെങ്കിലും ഇവർ പരീക്ഷയിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കുള്ള (6/11.11.19) മറുപടിയ്ക്കൊപ്പം പത്താംതരം തുല്യതയ്ക്കായി രജിസ്റ്റർ ചെയ്തവരുടെ ഹാജർ ബുക്കിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തതിൽ 14 പേരുടേയും പത്താംതരം തുല്യതാ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്ത 62 പേരുടേയും പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ (ഹാൾടിക്കറ്റുകൾ) ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ഇവർക്കായി ചെലവഴിച്ച വികസനഫണ്ട് വിഹിതം 1,22,500/- (14000+108500) രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 IAY പ്ലാൻഫണ്ട് അക്കൌണ്ട് - ത്രിതല പഞ്ചായത്തുകൾ ലഭ്യമാക്കിയ തുകയിൽ ആറരകോടിയോളം രൂപ ചെലവഴിക്കാതെ നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്നു.

2018-19 ബാലൻസ് ഷീറ്റ് B-17, റസീപ്റ്റ് & പേമെന്റ് അക്കൌണ്ട് RP-40(b), ബാ ങ്ക് പാസ്സ് ബുക്ക് എന്നിവ

പ്രകാരം കാനറാബാങ്കിൽ IAY പ്ലാൻ ഷെയർ അക്കൗണ്ടിൽ 31.03.2019-ൽ 6,49,23,085/- രൂപ നീക്കിയിരുപ്പായി ഉണ്ട്. 2016-17 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വർഷങ്ങളായി IAY ഭവനപദ്ധതിയ്ക്കായി ലഭിക്കുന്ന ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം എന്നിവ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും പേയ്മെന്റായി കണക്കാക്കുകയുമാണ് ചെയ്തുവരുന്നതെന്നും 31.3.2017 – ൽ 2011-2012 മുതൽ 2016-17 വർഷങ്ങളിൽ ഭവനനിർമ്മാണം ആരംഭിച്ചതിൽ യഥാക്രമം 6, 6, 12, 24, 56, 53 വീടുകളാണ് പൂർത്തീകരിക്കുവാൻ ബാക്കി ഉണ്ടായിരുന്നത്. ഓരോ ഗ്രാമപഞ്ചായത്തിന്റെയും ടാർജറ്റ് അനുസരിച്ചുള്ള ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിച്ചിട്ടുണ്ടോ എന്നതിനും വ്യക്തതയില്ല. ഈ തുകയിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങളും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് IAY പദ്ധതിയ്ക്കായി വകയിരുത്തിയ പ്ലാൻ ഫണ്ട് തുകകൾ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ചെലവഴിച്ചതിന്റെ വർഷം തിരിച്ചുള്ള വിശദവിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 13/13.11.19 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ ജില്ലാ പഞ്ചായത്തിലെ ദാരിദ്രലഘൂകരണവിഭാഗം പ്രോജക്ട് ഡയറക്ടർക്ക് ത്രിതല പഞ്ചായത്തുകൾ വകയിരുത്തിയ പ്ലാൻ ഫണ്ട് തുകയിൽ മിച്ചമുള്ളതിന്റെ വിശദാംശം അറിയിച്ച് കൊണ്ടുള്ള 06.03.19 ലെ എ. 243/2019 നമ്പർ കത്തിൽ 6,54,67,769/- രൂപ നീക്കിയിരുപ്പ് ഉള്ളതായും പൂർത്തീകരിക്കാനുള്ള വീടുകൾക്കായി 65,84,663/- രൂപ ആവശ്യമാണെന്നും 5,88,83,106/- രൂപ നീക്കിയിരുപ്പുള്ളതായുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ബ്ലോക്കിന് ലഭ്യമാക്കിയ തുകകൾ ചെലവഴിക്കാതെ പ്ലാൻ ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന് ശേഷം യഥാർത്ഥത്തിൽ ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതും ശരിയായ നടപടിയല്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാർ അനുമതി വാങ്ങിക്കൊണ്ട് അനുബന്ധ പ്രോജക്ടുകൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-23 1000 രൂപയിൽ അധികമുള്ള ചെലവുകൾ ക്യാഷായി ചെലവഴിക്കുന്നു

ജി.ഒ. (പി) 177/2006 ധനം. 12-04-2006 നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 8.1, 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 34(4) എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതനുസരിച്ച് 1000/- രൂപയിൽ അധികമുള്ള ചെലവുകൾ ക്യാഷായി ചെലവഴിക്കാൻ പാടില്ല. പ്രസ്തുത ചെലവ് ബന്ധപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് നല്കാവുന്നതാണ്. എന്നാൽ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ 1000/- രൂപയിൽ അധികമുള്ള പല ചെലവുകൾക്കും ടി നിർദ്ദേശങ്ങൾ പാലിക്കാതെ തുക പണമായി നൽകുന്നതായി കണ്ടു. കൂടാതെ ഒന്നിലധികം ചെലവുകൾക്ക് ഒറ്റ സെൽഫ് ചെക്ക് വഴി തുക പിൻവലിച്ച് പണമായി നൽകുന്നു. ഉദാഹരണമായി സെൽഫ് ചെക്ക് വഴി മാറിയ 14,340/- (ചെക്ക് നം. 2313786/28.02.19) രൂപയിൽ 3400/- രൂപ അമ്പിളി ഓഫ്സെറ്റ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കി 10940/- രൂപ സെക്രട്ടറിയുടെ പേഴ്സണൽ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ട് വിവിധ ചെലവുകൾക്ക് (പന്തൽ-4500/-, മൈക്ക്-1500/-, ബാനർ-1740/-, ശിലാഫലകം-3200/-) ആവശ്യമായ തുക പണമായി നൽകുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഈ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ജീവനക്കാരുടെ ആദായ നികുതിയുടെ ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി വലിയ തുക ചെലവഴിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിലെ തനതുഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന ആദായ നികുതിയുടെ ത്രൈമാസ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനായി ഇൻഫോടാക്സ് എന്റർപ്രൈസസ്, പ്രോടെക് മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകി വരുന്നുണ്ട് എന്ന് വ്യക്തമാകുന്നു. ത്രൈമാസ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് 3000 രൂപയോളമാണ് സ്ഥാപനം ചാർജ്ജ് ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് വിഭാഗത്തിലെ ജീവനക്കാരുടെ ആദായ നികുതി റിട്ടേണുകളും ഇതേ സ്ഥാപനങ്ങൾ തന്നെയാണ് തയ്യാറാക്കി നൽകുന്നത്. അതിന്റെ ചെലവുകളും തനത് ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. ആദായനികുതി നിയമം സെക്ഷൻ 200(3) പ്രകാരം നികുതി ഈടാക്കുന്ന

ഉദ്യോഗസ്ഥൻ തന്നെയാണ് റിട്ടേണുകൾ തയ്യാറാക്കി സമർപ്പിക്കാനും ചുമതലപ്പെട്ടിരിക്കുന്നത്. ഇലക്ട്രോണിക്കായി തയ്യാറാക്കാവുന്ന ഈ റിട്ടേണുകളുടെ uploading ന് മാത്രമാണ് സേവനദാതാക്കളെ ആവശ്യമായി വരുന്നത്. ഇതിനാകട്ടെ 50 രൂപ വരെ മാത്രമാണ് ചാർജ്ജുള്ളത്. 2018-19 വർഷം ഈ ഇനത്തിൽ വലിയ തുക ചെലവായിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പാദ വർഷം | സ്ഥാപനം | നൽകിയ തുക | |
|---|---|---|---|
| 24Q1,Q2,Q3& 26Q1 | ഇൻഫോടാക്സ് എന്റർപ്രൈസസ് | ഫയലിംഗ് ചാർജ്-3225<br>അപ്‌ലോഡിംഗ് ചാർജ്-225 | 3450/- |
| 24Q4&26Q4 | do | ഫയലിംഗ് ചാർജ്-1550<br>അപ്‌ലോഡിംഗ്ചാർജ് -100 | 1650/- |
| Being fee for TDS filing 24Q1(18-19) | Protech Management Services Pvt.Ltd | ഫയലിംഗ് ചാർജ്-1500<br>അപ്‌ലോഡിംഗ് ചാർജ് -50<br>ഡൌൺ ലോഡിംഗ് ചാർജ്-250 | 1800 |
| Being fee for TDS filing 26 Q1 (18-19) | Protech Management Services Pvt.Ltd | ഫയലിംഗ് ചാർജ്-2500<br>അപ്‌ലോഡിംഗ് ചാർജ് -210<br>ഡൌൺ ലോഡിംഗ് ചാർജ്-250 | 2960 |
| Being fee for TDS filing 26 Q2 (18-19) | Protech Management Services Pvt.Ltd | ഫയലിംഗ് ചാർജ്-2000<br>അപ്‌ലോഡിംഗ് ചാർജ് -100<br>ഡൌൺ ലോഡിംഗ് ചാർജ്-250 | 2350 |
| Being fee for TDS filing 24 Q2 (18-19) | Protech Management Services Pvt.Ltd | ഫയലിംഗ് ചാർജ്-1500<br>അപ് ലോഡിംഗ്ചാർജ് -50<br>ഡൌൺ ലോഡിംഗ്ചാർജ്-250 | 1800 |
| Being fee for TDS filing24Q3(18-19) | Protech Management Services Pvt.Ltd | do | 1800 |
| Being fee for TDS filing 26 Q3 (18-19) | Protech Management Services Pvt.Ltd | ഫയലിംഗ് ചാർജ്-2500<br>അപ് ലോഡിംഗ്ചാർജ് -210<br>ഡൌൺ ലോഡിംഗ് ചാർജ്-250 | 2960 |

റിട്ടേണുകൾ ഫയൽ ചെയ്യുന്ന സേവനത്തിന് സേവനദാതാക്കൾക്ക് നൽകുന്നതിനായി വലിയ തുക നിലവിൽ ചെലവഴിക്കപ്പെടുന്ന സാഹചര്യത്തിൽ കുറഞ്ഞ നിരക്കിൽ ഈ സേവനം ലഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ആറാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ നൽകൽ - പ്രോജക്ട് പ്രകാരമുള്ള എല്ലാ സാധനങ്ങളുടേയും വിതരണരേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ - S0077/19

അടങ്കൽ - 1018060/- വികസനഫണ്ട്

ചെലവ് - 33/27.03.19 – 503360/-

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ടിലുൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 8 സർക്കാർ സ്കൂളുകളിലേയും 10 എയ്ഡഡ് സ്കൂളുകളിലേയും പെൺകുട്ടികൾക്കായി 16710 ഷീ പാഡ്, (16710 x 16.71 = 279224) 23 അലമാരകൾ (23 x 17380 = 399740) 13 ഇൻസിനറേറ്ററുകൾ (13 x 25168= 327189) എന്നിവ കേരള വനിത വികസന കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിനായി അടങ്കലിന്റെ 50% തുകയായ 503360/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. കോർപ്പറേഷൻ ഹാജരാക്കിയ 26.03.19 ലെ KSWDC/P5/She – pad/LSGD/ALPY/2018-19 നമ്പർ ധനവിനിയോഗസാക്ഷ്യപത്രത്തിൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കിയതായാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സ്കൂളുകൾ ലഭ്യമാക്കിയ കൈപ്പറ്റ് രസീതുകൾ പ്രകാരം സ്കൂളുകളിലൊരിടത്തും ഷീ പാഡ് ലഭിച്ചിട്ടില്ല. കൂടാതെ ഗവ.യു.പി.എസ്. പാനൂർക്കര, ഗവ.ടെക്നിക്കൽ എച്ച്.എസ്.ഹരിപ്പാട്, എസ്.കെ.വി.എൻ.എസ്.എസ്. യു.പി.എസ്. എന്നീ സ്കൂളുകളുടെ കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടില്ല. സ്കൂളുകളിൽ മേൽ സാധനങ്ങൾ ലഭിച്ചതിനെ സാധൂകരിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതും പ്രോജക്ട് പ്രകാരമുള്ള എല്ലാ സാധനങ്ങളും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രം ഫൈനൽ പേമെന്റ് നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 പരമ്പരാഗത കയർ പിരിയ്ക്കൽ, കൈത്തൊഴിൽ പ്രോത്സാനവും ചകിരി വാങ്ങലിന് തുക നൽകലും – സബ്സിഡി തുക ഗ്രൂപ്പുകളുടെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നൽകി

പ്രോജക്ട് നമ്പർ - S0006/19

അടങ്കൽ - 4800000 ( വികസനഫണ്ട് - 3585480/-

ഗുണഭോക്തൃവിഹിതം നേരിട്ട് - 1200000/- തനത് ഫണ്ട് - 14520)

ചെലവ് - CB 2/18-19 – 17.12.18 – 27,00,000/-

CB 3/18-19 – 29.12.18 – 75,000/-

CB 4/18-19 – 20.3.19 – 8,10,480/-

ചെക്ക് നമ്പർ - 2303503/23.3.19 – 14,520/-

നിർവ്വഹണം - വ്യവസായ വികസന ഓഫീസർ

കയർപിരി യൂണിറ്റുകൾക്ക് ചകിരി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രോജക്ടിലുൾപ്പെടുത്തി 36,00,000/- രൂപ ചെലവഴിച്ചിരുന്നു. വിവിധ ഗ്രാമപഞ്ചായത്തിലെ 48 ഗ്രൂപ്പുകൾക്ക് ചകിരി വിലയുടെ 75% ആയ 75,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ ചകിരിവില പൂർണ്ണമായും ഗ്രൂപ്പുകൾ സ്വന്തം നിലയിൽ അഡ്വാൻസ് ചെയ്ത ശേഷം ബിൽ ഹാജരാക്കി അതിന്റെ 75% തുക ഗ്രൂപ്പുകളുടെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നൽകിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. സ.ഉ.(കൈ)22/18 ത.സ്വ.ഭ.വ തീ. 14.02.18 നമ്പർ സബ്സിഡി മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക 6-4-6 പ്രകാരം വായ്പാ ബന്ധിത പ്രോജക്ടാണെങ്കിൽ മാത്രമാണ് ഗ്രൂപ്പുകളുടെ അക്കൌണ്ടിലേക്ക് സബ്സിഡി തുക നൽകേണ്ടത്. കയർ വാങ്ങിയ സ്ഥാപനങ്ങളുടെ അക്കൌണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്ത് നൽകാതെ ഗ്രൂപ്പുകളുടെ അക്കൌണ്ടിലേക്ക് തുക നൽകാനുള്ള കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 10/12.11.19 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ “ചകിരി ഗ്രൂപ്പുകൾ വാങ്ങുന്നതിന് അഡ്വാൻസായി തുക ചകിരി സപ്ലെയർക്ക് നൽകുന്നതിന് നിയമം അനുവദിക്കുന്നില്ലെന്നും ചകിരി സപ്ലെയർ കടമായി ഗ്രൂപ്പുകൾക്ക് ചകിരി നൽകുകയെന്നത് പ്രായോഗികമല്ലെന്നുമാണ്”. സർക്കാർ നിർദ്ദേശാനുസരണം പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതാണ്.

## 1-27 തൃക്കുന്നപ്പുഴ 110-ാം നം. അങ്കണവാടി കെട്ടിട നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല

തൃക്കുന്നപ്പുഴ 110-ാം നം. അങ്കണവാടി കെട്ടിട നിർമ്മാണം 31.01.2019 - ൽ പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ടെങ്കിലും ഇതേ വരെ ഉത്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.യഥാസമയം കരാർ ചമച്ചില്ല

തൃക്കുന്നപ്പുഴ 110-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നത് 04.08.2018 ലാണ്. എന്നാൽ കരാർ ചമച്ചതാവട്ടെ 04.09.18 ലും. PWD മാനവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ 1% പിഴ ഈടാക്കി വേണം കരാർ ചമയ്ക്കേണ്ടത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. 1135003 യുടെ 1% പിഴ ആയ 11350/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/14.11.19) മറുപടിയായി ഇലക്ഷൻ പെരുമാറ്റചട്ടം നിലനിന്നതിനാലാണ് കരാർ ചമയ്ക്കാൻ വൈകിയതെന്നാണ് മറുപടി നൽകിയത്. ഈ കാലയളവിൽ ഏത് ഇലക്ഷനായിരുന്നുവെന്ന് വ്യക്തമല്ല. മറുപടി അംഗീകരിക്കുന്നില്ല.

2.ഇലക്ട്രിഫിക്കേഷൻ, മോട്ടർ എന്നിവയ്ക്കായി ചെലവഴിച്ച (15000, 3600) തുകകളുടെ ബില്ല് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ബില്ല് ലഭ്യമാക്കിയിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് തീയതിയ്ക്ക് ശേഷമാണ് മറുപടി ലഭിച്ചിരിക്കുന്നത്.

3.ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ച 197246/- രൂപ (27.03.19/ചെക്ക് നം.2303507) യുടെ വിവരം എന്നാൽ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

4. ടി പ്രവൃത്തിക്കായി 19.11.18-ലെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുകയും 25.03.19 ൽ ഫൈനൽ ബില്ല് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 30.10.2019ലെ ജനറൽ കമ്മറ്റിയിൽ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഫൈനൽ ബില്ല് നൽകിയ പ്രവൃത്തിയിൽമേൽ എപ്രകാരമാണ് ഭേദഗതി ആവശ്യമായതെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഇപ്രകാരമൊരു ഭേദഗതി ആവശ്യമില്ലായിരുന്നുവെന്നാണ് മറുപടി നൽകിയിരിക്കുന്നത്.

5.രണ്ടാം പാർട്ട്ബില്ലിൽ ഉൾപ്പെട്ടിരുന്ന 52754/- രൂപ ഫണ്ടിന്റെ അപര്യാപ്തത മൂലം കരാറുകാരന് നൽകിയിട്ടില്ല.

ക്രമ നം. 1 പ്രകാരമുള്ള 11350/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതു മാണ്. അങ്കണവാടി പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്റ്റ് നം. | | |
| കരാർ നം. | 7/18-19/04.09.18 | |
| എസ്റ്റിമേറ്റ് : 1250000 | 1000000 | വികസന ഫണ്ട് |
| | 250000 | തനത് ഫണ്ട് |
| എഗ്രീഡ് പി.എ.സി | 1135003.3 | |
| ചെലവ് | 718267/12/31.10.18 | വികസന ഫണ്ട് |
| | 281733/20/17.01.19 | |
| | 197246/26.03.19/ചെക്ക് നം.2303507 | തനത് ഫണ്ട് |
| കരാറുകാരൻ | കെ.എം.മുരളി | |
| എം ബുക്ക് നം. | 3,3(a)/AE/2018-19 | |
| അവസാന അളവ് തീയതി | 31.01.2019 | |

## 1-28 അരയാൽകുളങ്ങര – വായനശാല ജംഗ്ഷൻ കടവ് റോഡ് റീടാറിംഗ്, കടവ് പുനരുദ്ധാരണം - ടെണ്ടർ കുറവ് വരുത്തിയില്ല-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 34934/-രൂപ ഒടുക്കി - ഓഡിറ്റ് ഇംപാക്ട്

ടി പ്രവൃത്തിയിൽ കടവ് റോഡ് റീടാറിംഗ്, കടവ് പുനരുദ്ധാരണം എന്നിവയ്ക്കാണ് തുക വകയിരുത്തിയിരുന്നത്. 31.10.2017-ലെ കമ്മറ്റി തീരുമാനത്തിൽ (II-2) 465000 രൂപയ്ക്കാണ് ടെണ്ടർ (6.99% കുറവ്) അംഗീകരിച്ചിരിക്കുന്നത്. കടവ് പുനരുദ്ധാരണം പള്ളിപ്പാട് പഞ്ചായത്ത് പ്രോജക്ട് വെച്ച സാഹചര്യത്തിൽ കടവിന്റെ നവീകരണത്തിന് ഉൾക്കൊള്ളിച്ച തുക കൂടി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി തുകയിൽ ഉൾപ്പെടുത്തി പദ്ധതി റിവൈസ് ചെയ്തു (30.01.2018 ലെ തീരുമാനം നം.1/3). എം. ബുക്ക് പ്രകാരം ആകെ മൂല്യം 499767/- രൂപയാണ്. ടെണ്ടർ കുറവ് വരുത്താതെ മുഴുവൻ തുകയും പിൻവലിച്ച് കരാറുകാരന് അനുവദിച്ചിരിക്കുന്നു. അധികമായി അനുവദിച്ച തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 34934 രൂപ (499767 – 465000) 15.11.2019 – ൽ തിരികെ ഒടുക്കി.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | 2018-19 | 200000 | കൾവർട്ട് നിർമ്മാണം | -- | 200000 |

സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ്, ക്യാഷ് ബുക്ക് എന്നിവ പ്രകാരം തൻവർഷം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5,10,000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് 22,08,000/- രൂപയും ലഭിച്ചിട്ടുണ്ടെങ്കിലും ഈ തുകയുടെ വരവ് ചെലവ് ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെലവ് പത്രികയിലും മേൽ തുകകളുടെ വിനിയോഗം ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വനിത വികസന | ആറാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള ക്ലാസ്സിലെ | 33/27.3.19 | 503360 | 503360 | -- |

| | | | | | |
|---|---|---|---|---|---|
| കോർപ്പറേഷൻ | കുട്ടികൾക്ക് നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ നൽകൽ പ്രോജക്ട് നമ്പർ - S0077/19 | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മരാമത്ത് പ്രവൃത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി കുമാരപുരം സർവ്വീസ് സഹകരണ ബാങ്ക് – 2147 | ലഭ്യമല്ല | 6708803 | 2173143 | 543286 | | 1629857 |
| കരുവാറ്റ നോർത്ത് സർവ്വീസ് സഹകരണ ബാങ്ക് – 1237 | ലഭ്യമല്ല | 2705768 | 882311 | 267864 | | 614447 |
| ആകെ | | 9414571 | 3055454 | 811150 | | 2244304 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-13 | 2007-08 | 3-30 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി കൺവീനർ മുഖേന വേലകൾ നിർവ്വഹിച്ചു. | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

# 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻ വർഷം വരവില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 67077084 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77747579 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 180000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2241852 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-13(എ) | - | 30000 | യു.ശ്രീരശ്മി, എസ്.സി.ഡി.ഒ |
| 1-13(ബി) | - | 150000 | യു.ശ്രീരശ്മി, എസ്.സി.ഡി.ഒ |
| ആകെ | - | 180000 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-13 ജി (1) | 200000 | | യു.ശ്രീരശ്മി, എസ്.സി.ഡി.ഒ |
| 1-14 | 300000 | | യു.ശ്രീരശ്മി,എസ്.സി.ഡി.ഒ |
| 1-15 | 85000 | | യു.ശ്രീരശ്മി,എസ്.സി.ഡി.ഒ |
| 1-17 | 1534352 | 30304 | എം.ഒ, സി.എച്ച്.സി |
| | | 4048 | ജി.പി.ശ്രീജിത്ത്, സെക്രട്ടറി |
| | | 1500000 | |
| 1-21 | 122500 | | ജി.പി.ശ്രീജിത്ത്, സെക്രട്ടറി |
| ആകെ | 22,41,852 | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| യു.ശ്രീരശ്മി, പട്ടികജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന ഓഫീസർ, വർക്കല ബ്ലോക്ക് പഞ്ചായത്ത് | വെൺകുളത്ത് മൂല, വെസ്റ്റ് ഓഫ് റെയിൽവേ സ്റ്റേഷൻ, കഴക്കൂട്ടം |
| ജി.പി.ശ്രീജിത്ത്, സെക്രട്ടറി | എ.ഡി.സി പെർഫോമൻസ് ഓഡിറ്റ്, ഇടുക്കി | ഗീതാ നിവാസ്, കരുവാറ്റ.പി.ഒ, ഹരിപ്പാട് |
| ഡോ.ജയ.ജെ.ബി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഹരിപ്പാട് താലൂക്ക് ആശുപത്രി | വിസ്മയം, തൃക്കുന്നപ്പുഴ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 2003-04 മുതൽ 2008-09 വരെ | എൽ.എഫ്.ജി.എ5/ ബി.പി.അദാലത്ത് 26(78) |
| 2009-10 | എൽ.എഫ്.ജി.ബി.പി.1770/11/31.05.12/13.08.12 |
| 2010-11 & 2011-12 | എൽ.എഫ്.ജി.ബി.പി 1084/13/21.10.13 |
| 2012-13 | കെ.എസ്.എ.എ.പി.ഇസഡ് -ബി.പി 368/15/09.03.15/07.05.15 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/1054/2015/03.08.15/07.09.15 |
| 2014-15, 2015-16 | കെ.എസ്.എ.എ.എൽ.പി.ബി.പി.1163/16/16.11.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.ബി.പി-1454/2017/05.12.17/08.12.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-ബി.പി-1498/18തീയതി. 16.11.2018 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

# <u>അനുബന്ധം.1</u>

നം. കെ.എസ്.എ-എ.എൽ.പി/ബിപി.1168/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 27.02.2020

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-11-ലെ ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

No. KSA-ALP/BP.1168/2019

Kerala State Audit Department,
District Audit Office, Alappuzha.
Date: 27.02.2020

## ***AUDIT CERTIFICATE***

Certified that I have examined the Annual Financial Statement of Harippad Block Panchayat in Alappuzha District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/LSGD dated 22.05.2018

In my opinion, the Annual Financial Statement of Harippad Block Panchayat for the year 2018-19 subject to the observations in the para 1-11 properly presents the picture of income, expenditure and closing balance.

Senior Deputy Director
Kerala State Audit Department
District Audit Office,Alappuzha

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ